## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*284 — 22.02.2016 ൽ മറുപടിയ്ക്ക്

## വില സ്ഥിരത ഫണ്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം :<br>ശ്രീ. ഇ.പി. ജയരാജൻ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വില സ്ഥിരത ഫണ്ടിന്റെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) സംസ്ഥാനത്ത് റബ്ബറിന്റെ വിലസ്ഥിരതയ്ക്കായി നടപ്പിലാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ ഒരു അവലോകനയോഗം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ റബ്ബറിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുവാൻ പബ്ളിക് വർക്ക്സ് ഡിപ്പാർട്ട്മെന്റിനു കീഴിലുള്ള റോഡുകൾ റബ്ബറൈസ് ചെയ്യുവാനുള്ള പ്രപ്പോസലുകൾ ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും, ഇറക്കുമതി നിരക്കിൽ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേന RSS IV റബ്ബർ സംഭരിക്കാനുമുള്ള പ്രപ്പോസലുകൾ തയ്യാറാക്കാനുമുള്ള തീരുമാനം എടുക്കുകയുണ്ടായി. RSS IV റബ്ബർ സംഭരിക്കാനുള്ള സാധ്യതകൾ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള അവലോകനയോഗങ്ങളിൽ പരിശോധിച്ചു വരികയാണ്. റബ്ബർ ഉല്പാദന പ്രോത്സാഹന പദ്ധതി നടപ്പിലാക്കിയതിലൂടെ റബ്ബറിന്റെ വിലത്തകർച്ചമൂലം കർഷകർ റബ്ബർ കൃഷി ഉപേക്ഷിക്കുന്ന പ്രവണതയെ പ്രതിരോധിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>നാളികേരത്തിന് ന്യായവില ലഭിക്കുന്നതിന് നടപ്പിലാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതിയും പച്ചക്കറികളുടെ വിലവർദ്ധനവ് |

നിയന്ത്രിക്കുന്നതിനുള്ള വിപണി ഇടപെടലുകളും കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്ക് വേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരമാണ് നടപ്പിലാക്കുന്നത്.

(ബി) ഏതെല്ലാം വിളകൾക്കാണ് ഈ ഫണ്ടിൽ നിന്നുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നല്കാമോ;

(ബി) റബ്ബറിന്റെ വിലസ്ഥിരതയ്ക്കായി നടപ്പിലാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിലൂടെയും നാളികേരത്തിന് ന്യായവില ലഭ്യമാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതിയിലൂടെയും കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്.

(സി) ഫണ്ടിന്റെ പ്രവർത്തനം കൊണ്ട് കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടഞ്ഞുനിർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) റബ്ബർ വിലയിടിവിനു പരിഹാരമായി നടപ്പിലാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യം കർഷകർക്ക് ഏറെ ആശ്വാസകരമാണ്.

കൃഷിവകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കിവരുന്ന പച്ചനാളികേരസംഭരണ പദ്ധതിയിലൂടെ നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാകുന്നു.

(ഡി) ഈ സർക്കാർ അധികാരമേറ്റതിനു- ശേഷമുള്ള ഫണ്ടിന്റെ നീക്കിയിരിപ്പും ചെലവും സംബന്ധിച്ച വിശദാംശം ലഭ്യമാണോ?

(ഡി) വിലസ്ഥിരതയ്ക്കു വേണ്ടി വിപണി ഇടപെടൽ പദ്ധതിപ്രകാരം 2011-12 മുതൽ ചെലവഴിച്ചതും നീക്കിയിരിപ്പും സംബന്ധിച്ച വിവരം താഴെ ചേർത്തിരിക്കുന്നു.

| വർഷം | ചെലവ് തുക (ലക്ഷം രൂപ) | നീക്കിയിരിപ്പ് തുക |
|---|---|---|
| 2011-12 | 888.27685 | ഇല്ല |
| 2012-13 | 4506.548 | ഇല്ല |
| 2013-14 | 3028.7841 | ഇല്ല |
| 2014-15 | 2094.25 | ഇല്ല |
| 2015-16 | 1700.00 | ഇല്ല |

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ 300

കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ 3,47,342 റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 17.02.2016 വരെ 4,72,472 സെയിൽസ് ബില്ലുകളിലായി 118.50 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**